2024
APRIL
06
STURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## ഏഴാം തവണയും മാറ്റമില്ലാതെ റിപ്പോ നിരക്ക്; 6.5 ശതമാനത്തിൽ തന്നെ




**കൊച്ചി:** നാണയപ്പെരുപ്പ ഭീഷണി ശക്തമായി തുടരുന്നതിനാൽ റിസർവ് ബാങ്ക് ഇത്തവണയും മുഖ്യ പലിശ നിരക്ക് 6.5 ശതമാനമായി നിലനിർത്തി. സാമ്പത്തിക മേഖലയിലെ മികച്ച വളർച്ച കണക്കിലെടുക്കുമ്പോൾ പലിശ നിരക്കിൽ തിരക്കിട്ട് കുറവ് വരുത്തേണ്ടെന്നാണ് വെള്ളിയാഴ്ച പ്രഖ്യാപിച്ച ധന അവലോകന നയത്തിൽ റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത് ദാസ് വ്യക്തമാക്കിയത്.

വാണിജ്യ ബാങ്കുകൾ റിസർവ് ബാങ്കിൽ നിന്ന് വാങ്ങുന്ന വായ്പയുടെ പലിശയാണ് റിപ്പോ നിരക്ക്. ഇതോടെ ഭവന, വാഹന, വ്യക്തിഗത, കോർപ്പറേറ്റ് വായ്പകളുടെ പലിശ ഉയർന്ന തലത്തിൽ തുടരും. കഴിഞ്ഞ 7 ധന അവലോകന നയങ്ങളിലും റിസർവ് ബാങ്ക് റിപ്പോ നിരക്കിൽ മാറ്റം വരുത്തിയിരുന്നില്ല. നാണയപ്പെരുപ്പം 4 ശതമാനത്തിൽ താഴെയെത്തിക്കാനാണ് കേന്ദ്ര ബാങ്ക് ലക്ഷ്യമിടുന്നത്. ഉപഭോക്തൃവില സൂചിക അടിസ്ഥാനമായ നാണയപ്പെരുപ്പം ജനുവരിഫെബ്രുവരി കാലയളവിൽ 5.1 ശതമാനമായി താഴ്ന്നിരുന്നു.

അതേസമയം അമെരിക്കയിലെയും യൂറോപ്പിലെയും കേന്ദ്ര ബാങ്കുകൾ സെപ്റ്റംബറിന് മുൻപ് പലിശ നിരക്കിൽ അര ശതമാനം കുറവ് വരുത്താൻ സാധ്യതയേറി. 2022 മേയ് മാസത്തിന് ശേഷം റിപ്പോ നിരക്കിൽ റിസർവ് ബാങ്ക് 2.5 ശതമാനം വർധന വരുത്തിയിരുന്നു. കഴിഞ്ഞ വർഷം ഫെബ്രുവരിക്ക് ശേഷം റിപ്പോ നിരക്കിൽ മാറ്റം വരുത്തിയിട്ടില്ല.

## പാക്കിസ്ഥാനിൽ ഭീകരരുടെ കൊലപാതകം; റിപ്പോർട്ട് തള്ളി ഇന്ത്യ




**ന്യൂഡൽഹി:** വിദേശ മണ്ണിൽനിന്നു തീവ്രവാദി സാന്നിധ്യം ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ പാക്കിസ്ഥാനിൽ ചിലരെ വധിക്കാൻ ഇന്ത്യ പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നുവെന്ന ബ്രിട്ടിഷ് പത്രം ഗാർഡിയന്റെ റിപ്പോർട്ട് തള്ളി ഇന്ത്യ. ദുരുദ്ദേശ്യത്തോടെയുള്ള ഇന്ത്യ വിരുദ്ധ പ്രചാരണങ്ങളുടെ ഭാഗമാണു റിപ്പോർട്ടെന്നും മറ്റുരാജ്യങ്ങളിൽ ഇത്തരം കൊലപാതകങ്ങൾ നടത്തുന്നത് ഇന്ത്യയുടെ നയമല്ലെന്നും വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ പറഞ്ഞു. പാക്കിസ്ഥാനിലെയും ഇന്ത്യയിലെയും രഹസ്യാന്വേഷണ പ്രവർത്തകരെ ഉദ്ധരിച്ചുകൊണ്ടാണു ഗാർഡിയൻ റിപ്പോർട്ട് തയാറാക്കിയിരിക്കുന്നത്.

2020 മുതൽ ഇത്തരത്തിൽ 20 കൊലപാതങ്ങൾ പാക്കിസ്ഥാനിൽ സംഭവിച്ചതായാണു റിപ്പോർട്ടിൽ പറയുന്നത്. 2023 ആയതോടെ കൊലപാതകങ്ങളുടെ എണ്ണം വർധിച്ചുവെന്നും അജ്ഞാതരായ തോക്കുധാരികളാണു കൊലപാതകത്തിനു പിന്നിലെന്നും റിപ്പോർട്ടിൽ പറയുന്നു.

ഇന്ത്യൻ ഏജൻസികൾ പാക്കിസ്ഥാനിൽ ആസൂത്രിത കൊലപാതകങ്ങൾ നടത്തുന്നതു പെട്ടെന്നുണ്ടായതല്ല. ഈ കൊലപാതകങ്ങൾ നടത്തുന്ന യുഎഇയിലെ സ്ലീപ്പർ സെല്ലുകൾ സ്ഥാപിക്കുന്നതിനായി ഏകദേശം രണ്ടുവർഷത്തോളം അവർ സമയമെടുത്തിട്ടുണ്ടെന്നാണ് ഞങ്ങൾ കരുതുന്നത്. അതിനുശേഷമാണു കൊലപാതകത്തിൽ വർധനവുണ്ടായത്" ഒരു പാക്കിസ്ഥാനി ഉദ്യോഗസ്ഥൻ ഗാർഡിയനോടു പറഞ്ഞു.

കാനഡയിലെ ഖലിസ്ഥാനി നേതാവിന്റെ കൊലപാതകവും യുഎസിൽ മറ്റൊരു ഖലിസ്ഥാനിയെ വധിക്കാനുള്ള ശ്രമവും ചൂണ്ടിക്കാണിച്ചുകൊണ്ടു വാഷിങ്ടണ്ണും ഒറ്റാവയും പരസ്യമായി ഇന്ത്യയെ കുറ്റപ്പെടുത്തിയിട്ടുള്ളതും റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. കൊല്ലപ്പെട്ടവർ തീവ്രവാദികളോ, നിരോധിത തീവ്രവാദ സംഘടനയിലെ അംഗങ്ങളോ ആയതുകൊണ്ടാണു ഇന്ത്യ ആസൂത്രിത കൊലപാതകങ്ങൾ നടത്തുന്നുണ്ടെന്നു പരസ്യമായി അംഗീകരിക്കാൻ പാക്കിസ്ഥാൻ മടികാണിക്കുന്നതെന്ന് നിരീക്ഷകർ പറയുന്നു.

## ലോക്സഭാ തെരഞ്ഞെടുപ്പ്: 86 പേരുടെ പത്രിക തള്ളി; നിലവിലുള്ളത് 204 സ്ഥാനാർഥികൾ



തിരുവനന്തപുരം: ലോക്സഭ തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷമപരിശോധനയിൽ വിവിധ കാരണങ്ങളാൽ 86 പേരുടെ പത്രിക തള്ളി. ഇതോടെ നിലവിൽ 204 സ്ഥാനാർഥികളാണുള്ളത്. നാമനിർദേശ പത്രിക സമർപ്പണം വ്യാഴാഴ്ച വൈകിട്ട് മൂന്നിന് പൂർത്തിയായപ്പോൾ സംസ്ഥാനത്ത് 290 സ്ഥാനാർഥികളാണ് പത്രിക സമർപ്പിച്ചിരുന്നത്. കൂടുതൽ സ്ഥാനാർഥികൾ കോട്ടയത്താണുള്ളത്. പ്രധാന മുന്നണി സ്ഥാനാർഥികളുടെ അപരന്മാരടക്കം 14 പേരാണ് കോട്ടയത്ത് പത്രിക സമർപ്പിച്ചിരിക്കുന്നത്. അഞ്ച് പേർ മാത്രം മത്സരിക്കുന്ന ആലത്തൂരാണ് സ്ഥാനാർഥികളിൽ കുറവ്. നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള സമയപരിധി തിങ്കളാഴ്ച അവസാനിക്കുന്നതോടെ അന്തിമ സ്ഥാനാർഥി പട്ടികയ്ക്ക് രൂപമാകും.

നിലവിലെ കണക്ക് പ്രകാരം തിരുവനന്തപുരം മണ്ഡലത്തിൽ 13 സ്ഥാനാർഥികളാണുള്ളത്. ഒമ്പത് പേരുടെ പത്രിക തള്ളി. ആറ്റിങ്ങൽ ഏഴ്( പത്രിക തള്ളിയത് ഏഴ്), കൊല്ലം 12(മൂന്ന്), പത്തനംതിട്ട എട്ട് (രണ്ട് ), മാവേലിക്കര 10(നാല് ), ആലപ്പുഴ 11(മൂന്ന് ), കോട്ടയം 14(മൂന്ന് ), ഇടുക്കി 8(നാല് ), എറണാകുളം 10(നാല് ), ചാലക്കുടി 12(ഒന്ന്), തൃശൂർ 10(അഞ്ച്), ആലത്തൂർ 5(മൂന്ന്), പാലക്കാട് 11(അഞ്ച്), പൊന്നാനി എട്ട് (12), മലപ്പുറം 10(നാല്), വയനാട് 10(രണ്ട്), കോഴിക്കോട് 13(രണ്ട് ), വടകര 11(മൂന്ന്), കണ്ണൂർ 12(ആറ്), കാസർഗോഡ് ഒമ്പത്(നാല്).

2,77,49,159 വോട്ടർമാരാണ് ഈ അവസാന വോട്ടർപട്ടികയിൽ സംസ്ഥാനത്താകെയുള്ളതെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. ജനുവരി 22 ന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടികയിൽ നിന്ന് 6,49,833 വോട്ടർമാരുടെ വർധനവുണ്ട്. അതേസമയം വോട്ടർ പട്ടിക ശുദ്ധീകരണത്തിൽ 2,01,417 പേർ ഒഴിവായി.പട്ടികയിലുള്ള 1819 പ്രായക്കാരായ കന്നിവോട്ടർമാർ 5,34,394 പേരാണ്. ആകെ വോട്ടർമാരിൽ 1,43,33,499 പേർ സ്ത്രീകളും 1,34,15293 പേർ പുരുഷന്മാരുമാണ്. സ്ത്രീ വോട്ടർമാരിൽ 3,36,770 പേരുടെയും പുരുഷ വോട്ടർമാരിൽ 3,13,005 പേരുടെയും വർധനയുമുണ്ട്. ആകെ ഭിന്നലിംഗ വോട്ടർമാർ367. സ്ത്രീ പുരുഷ അനുപാതം 1,000: 1,068. മലപ്പുറമാണ് കൂടുതൽ വോട്ടർമാരുള്ള ജില്ല. (33,93,884), കുറവ് വയനാട് (6,35,930).

ലോക്സഭാ മണ്ഡലം തിരിച്ചുള്ള വോട്ടർമാരുടെ വിവരം: തിരുവനന്തപുരം 14,30,531, ആറ്റിങ്ങൽ 13,96,807, കൊല്ലം 13,26,648, പത്തനംതിട്ട14,29,700, മാവേലിക്കര13,31,880, ആലപ്പുഴ14,00,083, കോട്ടയം12,54,823, ഇടുക്കി12,50,157, എറണാകുളം13,24,047, ചാലക്കുടി13,10,529, തൃശൂർ14,83,055, ആലത്തൂർ13,37,496, പാലക്കാട്13,98,143 പൊന്നാനി14,70,804 മലപ്പുറം14,79,921 കോഴിക്കോട്14,29,631 വയനാട്14,62,423, വടകര14,21,883, കണ്ണൂർ13,58,368, കാസർഗോഡ്14,52,230.



# സെർവിക്കൽ ക്യാൻസർ ബോധവൽക്കരണം: ഫൺ റൺ നാളെ

**കൊച്ചി:**സ്ത്രീകളിൽ വർധിച്ചുവരുന്ന സെർവിക്കൽ ക്യാൻസർ തടയാൻ യഥാസമയം പരിശോധന നടത്തുക, ക്യാൻസർ പ്രതിരോധത്തിന് എച്ച്പിവി വാക്സിൻ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത എന്നിവ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനായി ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 318 സി, ജില്ലാ ഭരണകൂടം, ജിസിഡിഎ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കൊച്ചി, ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് (ഐഎപി), ഇൻഡ്യൻ ഡെന്റൽ അസോസിയേഷൻ കൊച്ചി ശാഖ, സൊറോപ്റ്റിമിസ്റ്റ് ഇന്റർനാഷണൽ കൊച്ചി, ഗൈനക്ക് സൊസൈറ്റി ഓഫ് കൊച്ചി ആന്റ് അങ്കമാലി, സ്പോർട്സ് മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (എസ്എംആർ ഐ) എന്നിവർ സംയുക്തമായി സംഘടിപ്പിക്കുന്ന ഫൺ റണ്ണും ബോധവൽക്കരണ സെമിനാറും നാളെ (ഏപ്രിൽ 07, ഞായറാഴ്ച) നടക്കും.

പ്രോഗ്രാമിൽ പങ്കെടുക്കാൻ സ്പോട്ട് രജിസ്ട്രേഷന് സൗകര്യമൊരുക്കിയിട്ടുണ്ട്.കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നിന്നും രാവിലെ ആറിന് ആരംഭിക്കുന്ന ഫൺ റൺ തമ്മനം വഴി തിരികെ സ്റ്റേഡിയത്തിൽ സമാപിക്കും. തുടർന്ന് സെർവിക്കൽ ക്യാൻസർ രോഗ വിദഗ്ദരുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസും നടക്കും.



15-ാമത് CIDC (കൺസ്ട്രക്ഷൻ ഇൻഡസ്ട്രി ഡെവലപ്മെന്റ് കൗൺസിൽ) വിശ്വകർമ്മ അവാർഡ് 2024-ന്റെ വ്യക്തിഗത വിഭാഗം ചെയർമാൻ കമൻഡേഷൻ അവാർഡ് ശ്രീ. കെ അനിൽ വർമ്മയ്ക്ക് ( MD, വർമ്മ ഹോംസ് ) ഡോ. പി എസ് റാണ (ചെയർമാൻ, CIDC), ശ്രീ. രതുൽ ദത്ത (മുൻ ചീഫ് എഞ്ചിനീയർ, ഒഎൻജിസി) എന്നിവർ ചേർന്ന് നൽകുന്നു. കേരളത്തിന്റെ റിയൽ എസ്റ്റേറ്റ് മേഖലയിൽ മൂന്ന് പതിറ്റാണ്ട് പിന്നിട്ട സ്തുത്യർഹമായ സേവനങ്ങൾ പരിഗണിച്ചാണ് ഇന്ത്യാ ഗവൺമെന്റ് പ്ലാനിംഗ് കമ്മീഷനും നിർമ്മാണ വ്യവസായ മേഖലയും ചേർന്ന് ഈ അവാർഡ് നൽകിയത്.

# അവധിക്കാല കമ്പ്യൂട്ടർ പരിശീലനം

**കൊച്ചി:**സംസ്ഥാന സർക്കാരിന്റെ ഇലക്ട്രോണിക്സ് ആന്റ് ഐ ടി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സിഡിറ്റ് അഞ്ചു മുതൽ പ്ലസ് ടു വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തുന്ന അവധിക്കാല കമ്പ്യൂട്ടർ പരിശീലനത്തിന് ഒഴിവുള്ള സീറ്റുകളിലേക്ക് ഏപ്രിൽ 10 നകം അപേക്ഷിക്കാം.

പൈത്തൺ, പിഎച്ച്പി, ജാവാ, സി++ എന്നീ പ്രോഗ്രാമിംഗ് ഭാഷകളും ഗ്രാഫിക് ഡിസൈനിങ്, വെബ് ഡിസൈനിംഗ്, ഡെസ്ക് ടോപ്പ് പബ്ലിഷിംഗ്, അനിമേഷൻ, ഓഫീസ് ഓട്ടോമേഷൻ, അക്കൗണ്ടിംഗ്, ഹാർഡ്!വെയർ, നെറ്റ്!വർക്കിംഗ്, റോബോട്ടിക്സ് തുടങ്ങി ഇരുപതോളം കോഴ്സുകളിലും, 'വൈബ്രന്റ് ഐടി'യിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡേറ്റാ സയൻസ്, ഡിസൈൻ തിങ്കിംഗ്, ആഗ്മെന്റഡ്/വിർചൽ റിയാലിറ്റി, ഡിജിറ്റൽ മാർക്കറ്റിംഗ്, സോഷ്യൽ മീഡിയ എത്തിക്സ്, പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ് എന്നിവയിലാണ് പരിശീലനം.

വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന സിഡിറ്റിന്റെ അംഗീകൃത പരിശീലനകേന്ദ്രങ്ങൾ വഴിയാണ് കുട്ടികൾക്ക് രണ്ടു മാസത്തെ പരിശീലനം നൽകുന്നത്. പരിശീലനത്തിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും ടെക്സ്റ്റ് ബുക്കും സ്കൂൾബാഗും സൗജന്യമായി നൽകും. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും www.cdit.org സന്ദർശിക്കുക.

# ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോഴ്സ്

**തൃശൂർ:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞ വിദ്യാർഥികൾക്കായി നിർമിതബുദ്ധി അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ പരിചയപ്പെടുത്തുന്നതിനായി ആരംഭിക്കുന്ന എ.ബി.സി ഓഫ് എ.ഐ എന്ന അഞ്ചുദിവസത്തെ ഓൺലൈൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ 15 മുതൽ 19 വരെ ഓൺലൈനായി നടത്തുന്ന കോഴ്സിന്റെ ഫീസ് 250 രൂപയാണ്. രജിസ്ട്രേഷന് https://ihrd.ac.in/index.php/ai-itnro1 ലിങ്ക് സന്ദർശിക്കുക.

# സ്കൂൾ വിദ്യാർത്ഥികളിൽ ആത്മവിശ്വാസം വളർത്താൻ പരിശീലന പദ്ധതികളുമായി ചിറ്റിലപ്പിള്ളി സ്ക്വയർ

**കൊച്ചി :** സ്കൂൾ വിദ്യാർത്ഥികളിൽ ആത്മവിശ്വാസം വളർത്താൻ ചിറ്റിലപ്പിള്ളി സ്ക്വയർ പരിശീലന പദ്ധതികൾ അവതരിപ്പിച്ചു. കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയുടെ നേതൃത്വത്തിലുള്ള ചിറ്റിലപ്പിള്ളി സ്ക്വയറിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായാണ് സ്കൂൾ വിദ്യാർത്ഥികളിൽ ശാരീരികമാനസികക്ഷമത വർദ്ധിപ്പിച്ച് ആത്മവിശ്വാസം വളർത്തുന്നതിനുള്ള പരിശീലനപരിപാടികൾ ആരംഭിച്ചിരിക്കുന്നത്. വിദ്യാർത്ഥികളിലെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും ഏകാഗ്രതയും ലക്ഷ്യബോധവും വർദ്ധിപ്പിക്കുന്നതിനും പ്രത്യേക പരിഗണന നൽകിയാണ് പരിശീലനം ആസൂത്രണം ചെയ്തിരിക്കുന്നത്. കൂടാതെ വിദ്യാർത്ഥികൾക്കും വീട്ടമ്മമാർക്കുമായി നീന്തൽ, റോളർ സ്കേറ്റിംഗ്, തായ്ക്വോണ്ടോ, സൂംബ ഡാൻസ് പരിശീലന ക്യാമ്പുകളും നടക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 7558942424 എന്ന നമ്പറിന്ന ബന്ധപ്പെടാവുന്നതാണ്. കൂടാതെ ഒന്നാം വാർഷികം പ്രമാണിച്ച് ഈ വർഷം പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിൽ പരീക്ഷയെഴുതിയവർ ഹാൾ ടിക്കറ്റ് കാണിച്ചാൽ പ്രവേശന ഫീസിൽ 50 ശതമാനം ഇളവും ലഭിക്കും. 60 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരൻമാർക്കും പ്രവേശന ഫീസിൽ 50 ശതമാനം ഇളവ് നൽകിവരുന്നുണ്ട്.




കഴിഞ്ഞ വർഷം ഏപ്രിൽ 2നാണ് വെൽനെസ്സിന് പ്രാധാന്യം കൊടുത്തുകൊണ്ട് കേരളത്തിൽ ആദ്യമായി ആരംഭിച്ച ഫാമിലി എന്റർടേൻമെന്റ് സെന്ററായ ചിറ്റിലപ്പിള്ളി സ്ക്വയർ പൊതുജനങ്ങൾക്കായി തുറന്നത്. സാധാരണ ദിവസങ്ങളിൽ 2 മണി മുതൽ രാത്രി 9 മണി വരെയാണ് പാർക്കിന്റെ പ്രവർത്തന സമയം. അവധി, ശനി, ഞായർ ദിവസങ്ങളിൽ ഉച്ചയ്ക്ക് 12 മണിക്ക് പ്രവർത്തനം ആരംഭിക്കും. എല്ലാ ദിവസവും രാവിലെ 6 മണി മുതൽ 9 മണി വരെ വ്യായാമങ്ങൾക്കും ലഘുവിനോദത്തിനും പാർക്ക് പ്രവർത്തിക്കും. പ്രവേശന ഫീസ് ദിവസനിരക്കിലും, മാസനിരക്കിലും ലഭ്യമാണ്.

സ്വിമ്മിംഗ് പൂൾ, സിപ്പ് ലൈൻ, റോപ്പ് വാക്ക്, റോക്ക് ക്ലൈംബിങ്ങ്, സൈക്കിൾംഗ്, ഓപ്പൺ ജിം, നെറ്റ് വാക്ക്, ക്രിക്കറ്റ് പിച്ച്, മൾട്ടി കോർട്ട്, ഫാമിലി ഫുട്ബോൾ ടർഫ്, കിഡ്സ് എന്റർടേൻമെന്റ് സോൺ എന്നിവ പാർക്കിന്റെ ആകർഷണങ്ങളാണ്.

വിവാഹം മുതൽ ഒരു കുടുംബത്തിന്റെ വലുതും ചെറുതുമായ ആഘോഷങ്ങളായ ബർത്ത്ഡേ പാർട്ടി, വിവാഹ വാർഷികം, ഫോട്ടോഷൂട്ട് എന്നിവയ്ക്ക് ഉതകുന്ന വിധത്തിലുള്ള മീറ്റിംഗ് ഹാളുകൾ, റൂഫ്ഡ് ഓപ്പൺ തീയേറ്റർ, ത്രീ സ്റ്റാർ നിലവാരത്തിലുള്ള മുറികൾ, റെസ്റ്റോറന്റ്, കൂടാതെ വിവിധ കോർപ്പറേറ്റ് മീറ്റിംഗുകൾക്കും സൗന്ദര്യ മത്സരങ്ങൾ ഉൾപ്പെടെ വിവിധ പരിപാടികൾക്ക് അനുയോജ്യമായ കൺവെൻഷൻ സെന്റർ, സിനിമാ ഷൂട്ടിംഗിനുള്ള സൗകര്യങ്ങൾ, വിശാലമായ കവേർഡ് പാർക്കിംഗ് സംവിധാനം എല്ലാം ഉൾക്കൊള്ളുന്നതാണ് സീപോർട്ട് എയർപോർട്ട് റോഡിൽ തൃക്കാക്കര ഭാരത് മാതാ കോളേജിന് എതിർവശം 11ൽ പരം ഏക്കർ വിസ്തൃതിയുള്ള ചിറ്റിലപ്പിള്ളി സ്ക്വയർ.

ഒരു വർഷത്തിനുള്ളിൽ രണ്ടര ലക്ഷത്തിലധികം ആളുകൾ ചിറ്റിലപ്പിള്ളി സ്ക്വയർ സന്ദർശിച്ച് കഴിഞ്ഞു.

# ഫിസാറ്റ് വിദ്യാർത്ഥികളുടെ സംരംഭത്തിന് ഏഴു ലക്ഷം രൂപയുടെ ധനസഹായം

**അങ്കമാലി:**ഫിസാറ്റ് എൻജിനിയറിങ് കോളേജ് വിദ്യാർത്ഥികളുടെ സംരംഭമായ തേർഡ് ഐ ക്ക് ഏഴു ലക്ഷം രൂപയുടെ ധനസഹായം. ബാംഗ്ലൂരിൽ നടന്ന ഇൻവെസ്റ്റർസ് മീറ്റിൽ വിദ്യാർത്ഥികൾ അവതരിപ്പിച്ച പ്രോജെക്ട് സംരംഭത്തിനാണ് ഏഴുലക്ഷം രൂപയുടെ ധന സഹായത്തെ ലഭിച്ചത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഇരുനൂറിയമ്പതിലേറെ സംരംഭകർ തങ്ങളുടെ പ്രൊജെക്ടുകൾ അവതരിപ്പിച്ചതിൽ നിന്ന് അഞ്ചു കമ്പനികളെയാണ് സാമ്പത്തിക സഹായത്തിനായി തിരഞ്ഞെടുത്തത്. ഫിസാറ്റിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച തേർഡ് ഐ പ്രൊജക്റ്റ് സഞ്ചാരത്തെ ഇഷ്ടപെടുന്നവർക്കും വിദേശ സഞ്ചാരികൾക്കും, കാഴ്ച പരിമിതർക്കും, അഗ്നിസുരക്ഷ പ്രവർത്തനം നടത്തുന്നവർക്കും ഏറെ പ്രയോജനം ലഭിക്കുന്ന ഒരു പ്രൊജക്റ്റ് ആണ്. ഇ പ്രൊജക്റ്റ് വഴി അവർ വികസിപ്പിച്ച ഒരു കണ്ണാടി ധരിക്കുന്നതു വഴി അവർക്കു എവിടെ സഞ്ചരിച്ചാലും അവിടുത്തെ വിവരങ്ങൾ മൊത്തമായും കണ്ണട ധരിക്കുന്നവർക്ക് മനസിലാക്കി കൊടുക്കുന്ന സംവിധാനമാണ് ഇവർ വികസിപ്പിച്ചെടുത്തിരിക്കുന്നത്. കാഴ്ച പരിമിതിയുള്ളവർക്ക് ഇതു ഏറെ ഉപകാര പ്രദമാണ്. അവർ ഒരു സ്ഥലത്തു ചെല്ലുമ്പോൾ ആ സ്ഥലത്തിന്റെ പ്രത്യകതകൾ, ഭക്ഷണ രീതികൾ തുടങ്ങി അവിടുത്തെ മൊത്തം വിവരങ്ങൾ ഇ കണ്ണാടി ധരിക്കുന്നത് വഴി അവർക്കു ലഭ്യമാകും. യാത്രയിൽ മൂടൽ മഞ്ഞോ, പൊടിപടലങ്ങളോ, യാത്ര ദുഷ്കരമാക്കുന്ന പ്രതിബന്ധങ്ങളോ ഒന്നും സ്ഥലങ്ങളെക്കുറിച്ചുള്ള വിവരണത്തിന് തടസമാകില്ല എന്നതും ഇവരുടെ പ്രോജക്റ്റിന്റെ പ്രത്യകതയാണ്. വിദ്യാർത്ഥികളായ അധ്വൈദ് ഷാജു, അനന്തു ആർ, ആന്റണി വർഗീസ്, ഭരത് വേണുഗോപാൽ എന്നിവർ നീണ്ട ഒരു വർഷത്തെ കഠിനാദ്ധ്വാനം വഴിയാണ് ഈ പ്രോജെക് വികസിപ്പിച്ചെടുത്തത് . ഇതൊരു സാധാരണ കണ്ണാടി പോലെ ഉപയോഗിക്കാൻ സാധിക്കുന്നതിനാൽ കണ്ണുകൾക്കും ഇതു സുരക്ഷ ഉറപ്പാക്കുന്നു. അധ്യാപകരായ സി മഹേഷ്, ഡോ ആർ രശ്മി, സൗമ്യ എസ് രാജ് കമ്പ്യൂട്ടർ സയൻസ് വിഭാഗം മേധാവി ഡോ ജ്യോതിഷ് കെ ജോൺ എന്നിവരാണ് ഈ പ്രൊജക്റ്റ് വികസിപ്പിക്കുന്നതിന് ഇവരെ സഹായിച്ചത്



# കേരളത്തിൽ നിന്ന് കൂടുതൽ വിമാന സർവീസുകളുമായി എയർ ഇന്ത്യ എക്സ്പ്രസ്




**കൊച്ചി:** എയർ ഇന്ത്യ എക്സ്പ്രസ് കേരളത്തിൽ നിന്നും അധിക വിമാന സർവീസുകൾ പ്രഖ്യാപിച്ചു. സമ്മർ ഷെഡ്യൂളിൻറെ ഭാഗമായാണ് കേരളത്തിലെ നാല് വിമാനത്താവളങ്ങളിൽ നിന്നും കൂടുതൽ ആഭ്യന്തര വിദേശ സർവീസുകൾ നടത്തുന്നത്. സർവീസുകൾ വിപുലീകരിക്കുന്നതിൻറെ ഭാഗമായി ഓരോ മാസവും മൂന്ന് പുതിയ വിമാനങ്ങൾ വീതമാണ് എയർ ഇന്ത്യ എക്സ്പ്രസിൻറെ ഫ്ലീറ്റിലേക്ക് കൂട്ടിച്ചേർക്കുന്നത്.

2023നെ അപേക്ഷിച്ച് കൊച്ചി വിമാനത്താവളത്തിൽ നിന്നും ആഴ്ച തോറുമുള്ള സർവീസുകളുടെ എണ്ണം 93 ൽ നിന്ന് 104 ആക്കി ഉയർത്തിയിട്ടുണ്ട്. ദമാം, ബഹ്റൈൻ എന്നിവിടങ്ങളിലേക്ക് അധിക സർവീസുകൾ ആരംഭിച്ചു. ഗൾഫ് മേഖലയിലെ അബുദാബി, ബഹ്റൈൻ, ദമാം, ദോഹ, ദുബായ്, മസ്ക്കറ്റ്, റിയാദ്, ഷാർജ, സലാല എന്നീ 9 കേന്ദ്രങ്ങളിലേക്ക് നേരിട്ടുള്ള സർവീസുണ്ട്. കൂടാതെ ഹൈദരാബാദിലേക്കും കോൽക്കത്തയിലേക്കും പുതിയ സർവീസുകൾ ആരംഭിച്ചു. ചെന്നൈ, മുംബൈ, പൂണെ, അമൃത്സർ, അയോധ്യ, ഭുവനേശ്വർ, ഗുവാഹത്തി, ഗോവ, ഗ്വാളിയർ, ബാഗ്ഡോഗ്ര, മംഗളൂരു, റാഞ്ചി, ജയ്പൂർ, ലഖ്നൗ, സൂറത്ത്, ശ്രീനഗർ, വിജയവാഡ, വിശാഖപട്ടണം, വാരാണസി, ജിദ്ദ എന്നിവിടങ്ങളിലേക്ക് എയർ ഇന്ത്യ എക്സ്പ്രസിൻറെ വൺ സ്റ്റോപ് സർവീസുകളും ലഭ്യമാണ്.

കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും ആഴ്ച തോറുമുള്ള സർവീസുകളുടെ എണ്ണം 77ൽ നിന്ന് 87 ആക്കി ഉയർത്തിയിട്ടുണ്ട്. ഇതിൽ പുതുതായി ആരംഭിച്ച ബംഗളൂരു സർവീസും എണ്ണം വർധിപ്പിച്ച റാസൽ ഖൈമ, ദമാം സർവീസുകളും ഉൾപ്പെടുന്നു.

കോഴിക്കോട് നിന്നും അൽ ഐൻ, അബുദാബി, ബഹ്റൈൻ, ദമാം, ദോഹ, ദുബായ്, ജിദ്ദ, കുവൈറ്റ്, മസ്കറ്റ്, റാസൽ ഖൈമ, റിയാദ്, ഷാർജ, സലാല എന്നിങ്ങനെ ഗൾഫ് മേഖലയിലെ 13 കേന്ദ്രങ്ങളിലേക്ക് നേരിട്ടുള്ള വിമാന സർവീസ് നടത്തുന്ന എയർ ഇന്ത്യ എക്സ്പ്രസാണ് കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും ഏറ്റവും കൂടുതൽ സർവീസ് നടത്തുന്ന എയർലൈൻ. കൂടാതെ കോഴിക്കോട് നിന്നും മംഗളൂരു, മുംബൈ, പുണെ, ഗോവ, ഹൈദരാബാദ്, ഗ്വാളിയർ, കോൽക്കത്ത, വാരണാസി, ലഖ്നൗ, ബാഗ്ഡോഗ്ര എന്നിവിടങ്ങളിലേക്ക് വൺ സ്റ്റോപ് സർവീസുകളും ലഭ്യമാണ്.

കണ്ണൂരിൽ നിന്നും 12 അധിക സർവീസുകളാണ് എയർ ഇന്ത്യ എക്സ്പ്രസ് നടത്തുന്നത്. ഷാർജ, അബുദാബി, റാസൽ ഖൈമ, ബെംഗളൂരു എന്നിവയാണ് പുതിയ റൂട്ടുകൾ.

തിരുവനന്തപുരത്ത് നിന്നുള്ള വിമാന സർവീസുകളുടെ എണ്ണം 35 എന്നത് 63 ആയി ഉയർന്നു. ബെംഗളൂരു, ഹൈദരാബാദ്, ചെന്നൈ, ദമാം എന്നിവിടങ്ങളിലേക്കുള്ള സർവീസുകളുടെ എണ്ണം കൂട്ടി. അബുദാബി, ബഹ്റൈൻ, ബെംഗളൂരു, കൊച്ചി, ദമാം, ദുബായ്, ദോഹ, ഹൈദരാബാദ്, മസ്ക്കറ്റ്, ഷാർജ എന്നിവിടങ്ങളിലേക്ക് നേരിട്ടുള്ള വിമാന സർവീസുകൾ തിരുവനന്തപുരത്ത് നിന്നുണ്ട്.

അമൃത്സർ, അയോധ്യ, ഭുവനേശ്വർ, ബാഗ്ഡോഗ്ര, ചെന്നൈ, ഡെൽഹി, കൊൽക്കത്ത, കണ്ണൂർ, ഗുവാഹത്തി, ഗോവ, ഗ്വാളിയർ, ജയ്പൂർ, ജിദ്ദ, ലഖ്നൗ, മംഗളൂരു, മുംബൈ, പൂണെ, റാഞ്ചി, റിയാദ്, സലാല, സൂറത്ത്, വിജയവാഡ, വിശാഖപട്ടണം, വാരാണസി എന്നിവിടങ്ങളിലേക്ക് വൺ സ്റ്റോപ് സർവീസുകളും ലഭ്യമാണ്.

കേരളത്തിൽ നിന്നും ഏറ്റവും കൂടുതൽ അന്താരാഷ്ട്ര വിമാന സർവീസുകൾ നടത്തുന്ന എയർലൈൻ എയർ ഇന്ത്യ എക്സ്പ്രസാണ്. എയർ ഇന്ത്യ എക്സ്പ്രസ് മാത്രം സർവീസ് നടത്തുന്ന 14 റൂട്ടുകളും മറ്റൊരു ഇന്ത്യൻ എയർലൈനും സർവീസ് നടത്താത്ത 15 റൂട്ടുകളും ഉൾപ്പടെ 38 കേന്ദ്രങ്ങളിലേക്ക് എയർ ഇന്ത്യ എക്സ്പ്രസ് സർവീസ് നടത്തുന്നുണ്ട്.

# പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സിന് ഏപ്രിൽ 30 വരെ അപേക്ഷിക്കാം

**കൊച്ചി:** സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടപ്പാക്കുന്ന പച്ചമലയാളം അടിസ്ഥാന സർട്ടിഫിക്കറ്റ് കോഴ്സിന്റെ രജിസ്ട്രേഷൻ ഏപ്രിൽ 30 വരെ ദീർഘിപ്പിച്ചു. നിലവിലുണ്ടായിരുന്ന നാലുമാസം ദൈർഘ്യമുള്ള പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് രണ്ടു ഭാഗങ്ങളായി പൂർത്തിയാകുന്ന രീതിയിൽ പരിഷ്കരിച്ചാണ് പുതിയ കോഴ്സിന്റെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നത്. പച്ചമലയാളം അടിസ്ഥാന കോഴ്സ്, പച്ചമലയാളം അഡ്വാൻസ് കോഴ്സ് എന്നിങ്ങനെ ഒരു വർഷം ദൈർഘ്യമുള്ള രണ്ട് കോഴ്സായി എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിലാണ് പരിഷ്കരിച്ചത്.

ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി മലയാളം പഠിക്കാൻ അവസരം ലഭിക്കാത്തവർക്കും മലയാളത്തിൽ സാമാന്യ പരിജ്ഞാനം ആഗ്രഹിക്കുന്നവരുമായ 17 വയസ്സ് കഴിഞ്ഞ ആർക്കും മലയാളം പഠിക്കാൻ കഴിയുന്ന സർട്ടിഫിക്കറ്റ് കോഴ്സാണ് പച്ചമലയാളം. ആറുമാസം വീതമുള്ള ഒന്നാം ഭാഗം അടിസ്ഥാന കോഴ്സ്, രണ്ടാം ഭാഗം അഡ്വാൻസ് കോഴ്സ് എന്നിങ്ങനെയാണ് പച്ചമലയാളം കോഴ്സ് വിഭാവനം ചെയ്തിരിക്കുന്നത് ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ നേടേണ്ട മലയാള ഭാഷാപഠനശേഷികൾ സ്വായത്തമാക്കാൻ പര്യാപ്തമായ രീതിയിലാണ് പരിഷ്കരിച്ച പച്ചമലയാളം കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്.

60 മണിക്കൂർ മുഖാമുഖവും 30 മണിക്കൂർ ഓൺലൈനുമായാണ് പച്ചമലയാളം അടിസ്ഥാന കോഴ്സിന്റെ ക്ലാസുകൾ. അടിസ്ഥാനകോഴ്സിൽ വിജയിക്കുന്നവർക്ക് അഡ്വാൻസ് കോഴ്സിൽ ചേർന്ന് പഠിക്കാം. ആറ് മാസമാണ് അടിസ്ഥാന കോഴസിന്റെ കാലാവധി. രജിസ്ട്രേഷൻ ഫീസ് 500 രൂപയും കോഴ്സ് ഫീസ് 3500 രൂപയുമാണ്. ഓൺലൈനായി https://literacymissionkerala.org എന്ന വെബ്സൈറ്റ് വഴി അപേക്ഷിച്ചതിന് ശേഷം സാക്ഷ്യപ്പെടുത്തിയ പകർപ്പ് തുടങ്ങിയവ ജില്ലാ സാക്ഷരതാ മിഷൻ ഓഫീസിൽ 2024 ഏപ്രിൽ 30 നകം ലഭ്യമാക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന പ്രേരക്മാരെയോ, കാക്കനാട് സിവിൽ സ്റ്റേഷൻ നാലാം നിലയിൽ പ്രവർത്തിക്കുന്ന സാക്ഷരതാ മിഷൻ ഓഫീസുമായോ ബന്ധപ്പെടുക. ഫോൺ: 04842426596, 9496877913.

# മോണ്ടിസ്സോറി, പ്രീ പ്രൈമറി, നഴ്സറി ടീച്ചർ ട്രെയിനിംഗ് കോഴ്സ്

**കൊച്ചി:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ഏപ്രിൽ മാസം ആരംഭിക്കുന്ന രണ്ട് വർഷം, ഒരു വർഷം, ആറു മാസം ദൈർഘ്യമുള്ള മോണ്ടിസ്സോറി , പ്രീ പ്രൈമറി, നഴ്സറി ടീച്ചർ ട്രെയിനിംഗ് കോഴ്സുകൾക്ക് വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഡിഗ്രി, പ്ലസ് ടു, എസ് എസ് എൽ സി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക് 7994449314.

# 43 കിലോ ഭാരമുള്ള ട്യൂമർ വിജയകരമായി നീക്കം ചെയ്ത് കോട്ടയം മെഡിക്കൽ കോളേജ്



**കോട്ടയം:** 43 കിലോ ഭാരമുള്ള ട്യൂമർ ശസ്ത്രക്രിയയിലൂടെ പുറത്തെടുത്ത് കോട്ടയം സർക്കാർ മെഡിക്കൽ കോളേജ്. ആരോഗ്യ രംഗത്തെ സംബന്ധിച്ച് ഇത് ഒരപൂർവ നേട്ടമാണ്. കോട്ടയം സ്വദേശിയായ ജോ ആന്റണിയ്ക്കാണ് (24) അതിസങ്കീർണമായ ശസ്ത്രക്രിയ വിജയകരമായി നടത്തിയത്. കാർഡിയോ തൊറാസിക് വിഭാഗവും പ്ലാസ്റ്റിക് സർജറി വിഭാഗവും സംയുക്തമായാണ് ശസ്ത്രക്രിയ നടത്തിയത്. ശസ്ത്രക്രിയയ്ക്കും തുടർ ചികിത്സയ്ക്കും ശേഷം ജോ ആന്റണിയെ ഡിസ്ചാർജ് ചെയ്തു. വിജയകരമായ ശസ്ത്രക്രിയ നടത്തിയ കോട്ടയം മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. ജയകുമാറിന്റെ നേതൃത്വത്തിലുള്ള മുഴുവൻ ടീമിനേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

4 വർഷം മുമ്പാണ് ജോ ആന്റണിയിൽ ട്യൂമർ കണ്ട് തുടങ്ങിയത്. പിന്നീടത് കാൻസറെന്ന് കണ്ടെത്തി. കീമോതെറാപ്പി നൽകി വന്നു. ശ്വാസകോശത്തിന്റേയും നെഞ്ചിന്റേയും ഭാഗത്തായതിനാൽ എടുത്ത് കളയാൻ കഴിയാതെ വന്നു. ട്യൂമർ പെട്ടെന്ന് വളർന്നതോടെ യുവാവിന് ബുദ്ധിമുട്ടായി. ശ്വാസംമുട്ടൽ ഉൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ ഉണ്ടായി. നടക്കാൻ പ്രയാസമായി. കൈ അനക്കാൻ വയ്യ. ഇടയ്ക്കിടയ്ക്ക് ട്യൂമറിൽ നിന്നും വെള്ളം കുത്തിയെടുക്കുമ്പോൾ ആശ്വാസം ലഭിച്ചിരുന്നു.

വെല്ലൂർ, മണിപ്പാൽ തുടങ്ങിയ ആശുപത്രികളിൽ പോയെങ്കിലും ജീവന് ഭീഷണിയാകുമെന്ന മുന്നറിയിപ്പിനെ തുടർന്ന് അവരാരും ഏറ്റെടുത്തില്ല. അങ്ങനെയാണ് അവർ കോട്ടയം മെഡിക്കൽ കോളേജിലെത്തുന്നത്. ഡോ. ജയകുമാറിനെ കണ്ട് തങ്ങളുടെ മകന്റെ ദയനീയവസ്ഥ രക്ഷകർത്താക്കൾ വിവരിച്ചു. വളരെയധികം അപകട സാധ്യതയുണ്ടെങ്കിലും അതേറ്റെടുത്ത് ശസ്ത്രക്രിയ ചെയ്യാൻ തീരുമാനിച്ചു. കഴിഞ്ഞ മാസം 25ന് ഏറെ വെല്ലുവിളികളുള്ള ശസ്ത്രക്രിയ 12 മണിക്കൂറോളമെടുത്താണ് പൂർത്തിയാക്കിയത്. 20 ലിറ്റർ ഫ്ളൂയിഡും 23 ലിറ്റർ മാംസവുമുള്ള ആകെ 43 കിലോ ഭാരമുള്ള ട്യൂമറാണ് നീക്കം ചെയ്തത്. തീവ്രപരിചരണത്തിന് ശേഷം രോഗിയെ ഇന്ന് ഡിസ്ചാർജ് ചെയ്തു. നിലവിൽ കൈയ്ക്ക് ചെറിയ സ്വാധീനക്കുറവുണ്ടെങ്കിലും ഫിസിയോതെറാപ്പിയിലൂടെ അത് മാറ്റിയെടുക്കാനാകുമെന്ന് സൂപ്രണ്ട് അറിയിച്ചു.





# കോട്ടയത്ത് ശീമാട്ടിക്ക് പുതിയ മുഖം

**കോട്ടയം:** വസ്ത്ര വ്യാപാര രംഗത്ത് ഒട്ടേറെ പുതുമകളുമായി ശീമാട്ടിയുടെ നവീകരിച്ച ഷോറൂം കോട്ടയത്ത് പ്രവർത്തനമാരംഭിച്ചു . ശീമാട്ടി സി.ഇ. ഒ യും ലീഡ് ഡിസൈനറുമായ ബീന കണ്ണൻ ഷോറും ഉദ്ഘാടനം ചെയ്തു. മകൻ വിഷ്ണു റെഡ്ഡിയും കുടുംബാഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.ശീമാട്ടിയുടെ കോട്ടയത്തെ പുതിയ ഷോറും കേരളത്തിന്റെ ഫാഷൻ ലോകത്ത് പുതിയ അദ്ധ്യായം കുറിക്കുകയാണെന്നും സമാനതകളില്ലാത്ത ഷോപ്പിംഗ് അനുഭവമാണ് ജനങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നതെന്നും ബീന കണ്ണൻ പറഞ്ഞു.

കോട്ടയത്തെ ഏറ്റവും വലിയ വിമൺസ് കാഷ്വൽ വെയർ, ബ്രൈഡൽ വെയർ, കിഡ്സ് വെയർ, സെലിബ്രേറ്ററി അറ്റയർസ് തുടങ്ങിയ ലോകോത്തര നിലവാരമുള്ള വിപുലമായ വസ്ത്ര ശേഖരമാണ് ഉപഭോക്താക്കൾക്കായി ശീമാട്ടി ഒരുക്കിയിരിക്കുന്നത് . കൂടാതെ വൈറ്റ് ബ്രൈഡൽ വെയർസിന്റെ ഏറ്റവും വലിയ ഷോറൂമായ സെലെസ്റ്റും ശീമാട്ടിയിൽ പ്രവർത്തിക്കും. വർഷങ്ങളായി കോട്ടയത്ത് പ്രവർത്തിച്ചു വരുന്ന ശീമാട്ടി നവീകരണത്തിൻറെ ഭാഗമായി ഉപഭോക്താക്കൾക്ക് മുന്നിൽ പുതുമകൾ കൊണ്ടുവരികയാണ്. പുതുപുത്തൻ ബ്രാൻഡുകളുടെ വിപുലമായ ശേഖരമാണ് ശീമാട്ടിയിലുള്ളത്.ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച ഫാഷൻ അനുഭവങ്ങൾ നൽകുക എന്നതാണ് ശീമാട്ടിയുടെ ലക്ഷ്യമെന്നും, കോട്ടയത്ത് നവീകരിച്ച പുതിയ ഷോറും തുടങ്ങുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും ബീന കണ്ണൻ പറഞ്ഞു. 28,000 സ്കയർ ഫീറ്റിലാണ് ശീമാട്ടിയുടെ നവീകരിച്ച പുതിയ ഷോറൂം ഒരുക്കിയിരിക്കുന്നത് .സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിച്ച് എന്നും ഉപഭോക്താക്കളുടെ ഇഷ്ടങ്ങൾ വ്യക്തമായി മനസ്സിലാക്കുകയും അതിന്റെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്ന ശീമാട്ടി കോട്ടയത്ത് കൂടാതെ കൊച്ചി ,കോഴിക്കോട് എന്നിവടങ്ങളിലും ഷോറൂം ഉണ്ട്.2024 ൽ കേരളത്തിലുടനീളം വിവിധ ഷോറൂമുകൾ ആരംഭിക്കാനുള്ള തയ്യാറെടുപ്പിലാണ് ശീമാട്ടി .

# റിലയൻസ് ഡിജിറ്റലിൽ ഡിജിറ്റൽ ഡിസ്കൗണ്ട് ഡേയ്സ് സെയിൽ




**കൊച്ചി:**റിലയൻസ് ഡിജിറ്റലിന്റെ ഏറ്റവും വലിയ ഇലക്ട്രോണിക്സ് വിൽപ്പനയായ 'ഡിജിറ്റൽ ഡിസ്കൗണ്ട് ഡേയ്സ് സെയിൽ പ്രഖ്യാപിച്ചു. എല്ലാ റിലയൻസ് ഡിജിറ്റൽ അല്ലെങ്കിൽ മൈ ജിയോ സ്റ്റോറുകളിൽ നിന്നും ഉപഭോക്താക്കൾക്ക് ഈ ഓഫറുകൾ നേടാം. ഡിജിറ്റൽ ഡിസ്കൗണ്ട് ഡേയ്സ് സെയിലിൽ ഉപഭോക്താക്കൾക്ക് പ്രമുഖ ബാങ്കുകളുടെ കാർഡുകളിൽ 10% ഇൻസ്റ്റന്റ് ഡിസ്കൗണ്ട്* നേടാം അല്ലെങ്കിൽ കൺസ്യൂമർ ഡ്യൂറബിൾ ലോണുകളിൽ രൂ. 15,000/ വരെ ക്യാഷ്ബാക്ക്* നേടാം. കൂടാതെ, 15 ഏപ്രിൽ 2024 വരെ ഇലക്ട്രോണിക്സിൽ ആകർഷകമായ ഡിസ്കൗണ്ടുകളും ലഭ്യമാണ്. റിലയൻസ് ഡിജിറ്റൽ ഫ്ളെക്സിബിൾ ഇഎംഐ ഓപ്ഷനുകൾ സഹിതം എളുപ്പത്തിലുള്ള വായ്പാ സൗകര്യവും വാഗ്ദാനം ചെയ്യുന്നു.79,990/* രൂപ മുതലുള്ള എൽ ജി ഓ എൽ ഇ ഡി, സാംസങ് നിയോ ക്യു എൽ ഇ ഡി, ടി വി കൾക്ക് 45% കിഴിവ് നേടാം, 16,990/* രൂപ മുതലുള്ള 43ഇഞ്ച് ഫുൾ എച്ച് ഡി ടി വിക്ക് 40% ഡിസ്കൗണ്ട്.എല്ലാ ആപ്പിൾ ഐ ഫോണുകളിലും 12,000/* രൂപ വരെയുള്ള ഡബിൾ എക്സ്ചേഞ്ച് ബോണസ്. ആപ്പിൾ മാക് ബുക്ക് 33% ഡിസ്കൗണ്ടിൽ, ഗെയിമിംഗ് ലാപ്ടോപ്പുകളുടെ വിപുലമായ ശ്രേണി രൂ. 49,999/* മുതൽ, ഐ പാഡ് 9 ജനറേഷൻ 64ജി ബി 23,900/* രൂപ വിലയിൽ ലഭിക്കും.ഡോൾബി അറ്റ്മോസ് സൗണ്ട് ബാറിൽ 65% ഡിസ്കൗണ്ട്, വില രൂ. 17,990/* മുതൽ. ബോസ് സൗണ്ട്ബാർ 900 ൽ 30% ഡിസ്കൗണ്ട്, വില രൂ. 72,990/ മാത്രം.1 ടൺ 3സ്റ്റാർ ഇൻവേർട്ടർ എ സി ക്ക് 20,990/* രൂപ മുതൽ. ഹൈഎൻഡ് 11 കിലോ / 7 കിലോ വാഷർ ഡ്രയർ വെറും രൂ. 61,990/* വിലയിൽ. സൈഡ്ബൈസൈഡ് റഫ്രിജറേറ്ററുകൾ, വെറും രൂ. 49,990/* മുതൽ.എല്ലാ ഓഫറുകൾക്കും വിലകൾക്കും നിബന്ധനകളും വ്യവസ്ഥകളും ബാധകമാണെന്ന് റിലയൻസ് അധികൃതർ അറിയിച്ചു.

# ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഇന്ത്യൻ, ജിസിസി വിഭാഗങ്ങളുടെ വിഭജനം പൂർത്തിയായി

**കൊച്ചി:** ഇന്ത്യയിലെയും ഗൾഫ് മേഖലയിലെയും ഏറ്റവും വിശാലമായ ഹോസ്പിറ്റൽ ശൃംഖലയായ ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ വിഭജനം പൂർത്തിയായി. ഇന്ത്യയിലെയും ജിസിസിയിലെയും സംവിധാനങ്ങൾ ഇനി വെവ്വേറെ കമ്പനികളായി പ്രവർത്തിക്കും.

സ്വകാര്യ ഇക്വിറ്റി സ്ഥാപനമായ ഫജ്ർ ക്യാപിറ്റലിന്റെ നേതൃത്വത്തിലുള്ള നിക്ഷേപകരുടെ കൂട്ടായ്മ, ജിസിസി വിഭാഗത്തിന്റെ 65% ഓഹരികൾ സ്വന്തമാക്കി. 35% ഓഹരികൾ മൂപ്പൻ കുടുംബം നിലനിർത്തി. ജിസിസി മേഖലയിലെ ആശുപത്രികളുടെ നേതൃത്വവും പ്രവർത്തന മേൽനോട്ടവും മൂപ്പൻ കുടുംബം തുടരും. ഇന്ത്യൻ വിഭാഗത്തിന്റെ ഓഹരികളിൽ 41.88% വും നിലനിർത്തി മൂപ്പൻ കുടുംബം ഉടമസ്ഥാവകാശം തുടരും. മുൻനിശ്ചയിച്ച പ്രകാരം ഇടപാടുകൾ ഔദ്യോഗികമായി പൂർത്തിയാക്കിയതോടെ ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ ഉപകമ്പനിയായ അഫിനിറ്റി ഹോൾഡിങ്സ് ലിമിറ്റഡിന് 907.6 മില്യൺ യുഎസ് ഡോളർ ലഭിച്ചു.2023 നവംബറിലാണ് ഇരുമേഖലകളിലെയും ബിസിനസുകൾ വിഭജിക്കാനുള്ള തീരുമാനം ബോർഡ് അംഗങ്ങൾ അംഗീകരിച്ചത്. നയതന്ത്രപരമായ നേട്ടത്തിന് പുറമെ, ധനവിനിയോഗം എളുപ്പമാക്കുന്നതിനും വിഭജനം ഗുണമുണ്ടാക്കുമെന്നാണ് കണക്കുകൂട്ടൽ. ഇന്ത്യയും ജിസിസിയും തികച്ചും വ്യത്യസ്തമായ രണ്ട് മാർക്കറ്റുകളാണ്. ഓരോ മേഖലയിലെയും മാർക്കറ്റിനും അവിടുത്തെ രോഗികൾക്കും ഏറ്റവും അനുയോജ്യമായ സേവനങ്ങൾ ഉറപ്പാക്കുന്നതിനാണ് ഇപ്പോഴത്തെ ഈ നീക്കം. ഇക്കൊല്ലം ജനുവരിയിൽ കമ്പനിയുടെ ഓഹരിയുടമകളും വിഭജിക്കാനുള്ള തീരുമാനത്തോട് യോജിക്കുകയായിരുന്നു.

വിഭജനവുമായി ബന്ധപ്പെട്ട എല്ലാ റെഗുലേറ്ററി മാനദണ്ഡങ്ങളും കരാർ നിബന്ധനകളും വിടുതൽ ഉപാധികളും തൃപ്തികരമായി പൂർത്തിയാക്കി.2027 ഓടുകൂടി കമ്പനിയുടെ സ്വന്തം വരുമാനം തിരികെ നിക്ഷേപിച്ച് 1700 രോഗികളെക്കൂടി കിടത്തിചികില്സിക്കാൻ കഴിയുന്ന തരത്തിൽ ആശുപത്രികൾ വികസിപ്പിക്കും. ശേഷം മറ്റ് ആശുപത്രികളെക്കൂടി ഏറ്റെടുത്ത് ശൃംഖല വിപുലീകരിക്കും. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഇന്ത്യയിലെ ഏറ്റവും വലിയ മൂന്ന് ആശുപത്രികളിൽ ഒന്നാകാനാണ് നീക്കം. സ്വന്തം നിലയിലുള്ള വികസനപദ്ധതികൾക്ക് പുറമെ, മറ്റ് കമ്പനികളെ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകളും കണ്ടെത്തും. തിരുവനന്തപുരത്ത് നിർമാണം പുരോഗമിക്കുന്ന ആസ്റ്റർ ക്യാപിറ്റൽ, കാസർഗോഡുള്ള ആസ്റ്റർ മിംസ് എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്. നിലവിലുള്ള മറ്റ് ആസ്റ്റർ ആശുപത്രികളിൽ കിടക്കകളുടെ എണ്ണം കൂട്ടും. മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ സാന്നിധ്യമറിയിക്കാനുള്ള ശ്രമങ്ങളും തുടങ്ങിക്കഴിഞ്ഞു. ഈ പദ്ധതികൾക്കെല്ലാമായി ഏതാണ്ട് 1000 കോടി രൂപയാണ് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഇന്ത്യ നീക്കിവെച്ചിരിക്കുന്നത്.വിഭജനവുമായി ബന്ധപ്പെട്ട പണമിടപാടുകളിൽ നിന്ന് കിട്ടുന്ന ലാഭത്തിന്റെ 7080% ശതമാനം ഓഹരിയുടമകൾക്ക് ലാഭവിഹിതമായി നൽകുമെന്ന് നേരത്തെ തന്നെ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ പ്രഖ്യാപിച്ചിരുന്നു. ഇതനുസരിച്ച് ഓരോ ഷെയറിനും 110 മുതൽ 120 രൂപ വരെ ഉടമകൾക്ക് നൽകും. നിയമാനുസൃതമായ അനുമതി കിട്ടിക്കഴിഞ്ഞാലുടൻ ഈ നടപടികളിലേക്ക് കടക്കും.കമ്പനിയുടെ സ്ഥാപകചെയർമാൻ എന്ന സ്ഥാനത്ത് ഡോ. ആസാദ് മൂപ്പൻ തുടരും. അലീഷ മൂപ്പൻ കമ്പനിയുടെ ബോർഡിൽ ഡയറക്ടർ സ്ഥാനത്തുമുണ്ടാകും. കൂടാതെ ആസ്റ്റർ ജിസിസിയുടെ മാനേജിങ് ഡയറക്ടർ, ഗ്രൂപ്പ് സിഇഒ എന്നീ ചുമതലകളും അലീഷ മൂപ്പൻ നിർവഹിക്കും. ഇന്ത്യൻ വിഭാഗത്തിന്റെ സിഇഒ പദവി ഡോ. നിതീഷ് ഷെട്ടി നയിക്കും. രാജ്യത്തിനകത്തെ കമ്പനിയുടെ വളർച്ചാപദ്ധതികൾക്ക് അദ്ദേഹം നേരിട്ട് മേൽനോട്ടം വഹിക്കും.ദീർഘകാലാടിസ്ഥാനത്തിൽ ഓഹരിയുടമകൾക്ക് ലാഭമുണ്ടാകുന്നതിനും രണ്ട് മേഖലകളിലും വളർച്ച കൈവരിക്കുന്നതിനുമാണ് ഇപ്പോൾ ഇത്രയും ദൃഢവും തന്ത്രപ്രധാനവുമായ ഈ തീരുമാനത്തിലെത്തിയിരിക്കുന്നതെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപകചെയർമാൻ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.

# ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗ്; രണ്ടാം സീസൺ തയ്യാറെടുപ്പ് തുടങ്ങി

**കൊച്ചി:** ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗ് (ഐഎസ്ആർഎൽ) രണ്ടാം സീസണിൻറെ തയാറെടുപ്പുകൾ തുടങ്ങി സംഘാടകർ വിജയകരമായ ആദ്യ സീസണിൻറെ തുടർച്ചയെന്നോണം രണ്ടാം സീസണിലെ മത്സരങ്ങൾ രാജ്യവ്യാപകമായി നടത്താനാണ് ലക്ഷ്യമിടുന്നത്. ഭാവിയിലെ മത്സരങ്ങൾക്കായി 15 സ്റ്റേഡിയങ്ങൾ പരിശോധിച്ചതായി ഐഎസ്ആർഎൽ സംഘാടകർ അറിയിച്ചു.ശ്രദ്ധേയമായ നേട്ടങ്ങളാണ് ആദ്യ സീസണിൽ ലീഗ് കൈവരിച്ചത്. 5 മത്സര റേസ് വിഭാഗങ്ങളിലായി 48 മുന്നിര ഇന്ത്യൻ അന്താരാഷ്ട്ര റൈഡർമാർ 6 ഫ്രാഞ്ചൈസി ടീമുകൾക്കായി ആദ്യ സീസണിൽ മത്സരിച്ചു.



3 വേദികളിലായി നടന്ന മത്സരങ്ങളിൽ ഓരോ സ്റ്റേഡിയവും 90% ശേഷിയിൽ പ്രവർത്തിച്ചു. ഇന്ത്യയിലെ മോട്ടോർസ്പോർട്ടിൽ ഒരു പുതിയ മാനദണ്ഡം സ്ഥാപിച്ചുകൊണ്ട് 30,000 കാണികളെ സ്റ്റേഡിയങ്ങളിലേക്ക് ആകർഷിക്കാനും സാധിച്ചു. ഇതിന് പുറമേ വിവിധ പ്ലാറ്റ്ഫോമുകളിലുടനീളം ദശലക്ഷക്കണക്കിന് കാഴ്ചക്കാരിലേക്കും ലീഗ് എത്തി. ഓൺലൈൻപത്രമാധ്യമങ്ങളിൽ മികച്ച അഭിപ്രായമാണ് ലീഗ് നേടിയത്. ആരാധകരുടെയും സഹകാരികളുടെയും മികച്ച പിന്തുണയോടെ വലിയ രീതിയിൽ സീസൺ 2 അരങ്ങേറുമെന്നും സംഘാടകർ ഉറപ്പുനല്കുന്നു.ഐഎസ്ആർഎൽ ഉദ്ഘാടന സീസണിൻറെ വിജയം തികച്ചും ആശ്ചര്യകരമായിരുന്നുവെന്ന് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗിൻറെ സഹസ്ഥാപകനും ഡയറക്ടറുമായ വീർ പട്ടേൽ പറഞ്ഞു. ഇത് ആഗോള മോട്ടോർ സ്പോർട്സ് ലാൻഡ്സ്കേപ്പിൽ തങ്ങളുടെ സ്ഥാനം ഉറപ്പിക്കുകയും, വളരുന്ന തങ്ങളുടെ പ്ലാറ്റ്ഫോമുമായി ചേർന്ന് പ്രവർത്തിക്കാൻ ബ്രാൻഡുകളിൽ കാര്യമായ താൽപര്യം ജനിപ്പിക്കുകയും ചെയ്തു. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ, 150 ദശലക്ഷത്തിലധികം പ്രേക്ഷകരെ സൂപ്പർക്രോസ് ലീഗിലേക്ക് ആകർഷിക്കുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

# ചിയാൻ 62ൽ നായികയായി ദുഷാര വിജയൻ



രായൻ,വേട്ടൈയ്യൻ തുടങ്ങിയ സിനിമകളിലെ മുൻനിര താരങ്ങൾക്കൊപ്പം നിരവധി വാഗ്ദാന പ്രോജക്ടുകളിൽ ദുഷാര വിജയൻ ഇപ്പോൾ അഭിനയിച്ചു വരികയാണ്. ദുഷാരയുടെ കരിയറിലെ പ്രോജക്റ്റുകളുടെ പട്ടികയിലെ ഏറ്റവും പുതിയ കൂട്ടിച്ചേർക്കലാണ് ചിയാൻ 62.

ചിയാൻ 62, സംവിധാനം ചെയ്യുന്നത് എസ്.യു. അരുൺ കുമാർ ആണ്. എസ് ജെ സൂര്യ, സുരാജ് വെഞ്ഞാറമൂട് തുടങ്ങി മറ്റ് അറിയപ്പെടുന്ന കലാകാരന്മാർ ഉൾപ്പെടുന്ന വൻ താരനിരയാണ് ചിത്രത്തിലുള്ളത്. ഉള്ളടക്കത്തെ അടിസ്ഥാനമാക്കിയുള്ള ഈ ചിത്രത്തിൽ ദുഷാര വിജയനാണ് പ്രധാന നായികയായി എത്തുന്നത്. തേനി ഈശ്വറിന്റെ ഛായാഗ്രഹണവും ജി.വി. പ്രകാശ് കുമാറിന്റെ സംഗീത സംവിധാനവും ചിയാൻ 62വിനെ കൂടുതൽ മികവുറ്റതാക്കുമെന്നുറപ്പാണ്. എച്ച്ആർ പിക്ചേഴ്സിന്റെ ബാനറിൽ റിയ ഷിബുവാണ് ചിത്രം നിർമ്മിക്കുന്നത്.

എസ്.യു അരുൺ കുമാർ സംവിധാനം ചെയ്യുന്ന ഈ പ്രൊജക്ടിനെ ആകാംക്ഷയോടെയാണ് സിനിമാരാധകർ കാത്തിരിക്കുന്നത്. ചിയാൻ വിക്രം, എസ് ജെ സൂര്യ, സുരാജ് വെഞ്ഞാറമൂട്, ദുഷാര വിജയൻ തുടങ്ങിയ ഐക്കണുകളെ ഒരുമിച്ച് കൊണ്ടുവരുന്ന ചിയാൻ 62വിന്റെ ഷൂട്ടിംഗ് ഏപ്രിൽ 21ന് മധുരയിൽ ആരംഭിക്കും. പി ആർ ഓ പ്രതീഷ് ശേഖർ.

# ഒരു കട്ടിൽ ഒരു മുറി




കിസ്മത്ത്, തൊട്ടപ്പൻ എന്നീ സിനിമകൾക്ക് ശേഷം ഷാനവാസ് കെ ബാവക്കുട്ടി സംവിധാനം ചെയ്യുന്ന ഒരു കട്ടിൽ ഒരു മുറി എന്ന സിനിമയുടെ സെക്കന്റ് ലുക്ക് പോസ്റ്റർ പുറത്തിറങ്ങി. രഘുനാഥ് പലേരിയുടെ തിരക്കഥയിൽ ഒരുങ്ങുന്ന ഈ സിനിമയിൽ ഹക്കിം ഷാ, പ്രിയംവദ കൃഷ്ണൻ, പൂർണിമ ഇന്ദ്രജിത്ത് എന്നിവരാണ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.ഷമ്മി തിലകൻ, വിജയരാഘവൻ , ജാഫർ ഇടുക്കി, രഘുനാഥ് പലേരി , ജനാർദ്ദനൻ, ഗണപതി, സ്വതിദാസ് പ്രഭു,പ്രശാന്ത് മുരളി , മനോഹരി ജോയ്, തുഷാര പിള്ള, വിജയകുമാർ പ്രഭാകരൻ, ഹരിശങ്കർ, രാജീവ് വി തോമസ്, ജിബിൻ ഗോപിനാഥ്, ഉണ്ണിരാജ, ദേവരാജൻ കോഴിക്കോട് തുടങ്ങിയവരാണ് മറ്റു താരങ്ങൾ.സപ്ത തരംഗ് ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, വിക്രമാദിത്യൻ ഫിലിംസ് എന്നീ ബാനറുകളിൽ സപ്ത തരംഗ് ക്രിയേഷൻസ് ,സമീർ ചെമ്പയിൽ, രഘുനാഥ് പാലേരി എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.രഘുനാഥ് പലേരിയും അൻവർ അലിയും ചേർന്നാണ് ?ഗാനങ്ങൾ എഴുതിയിരിക്കുന്നത്. ഛായാഗ്രഹണം എൽദോസ് ജോർജ്, എഡിറ്റിങ്മനോജ് സി. എസ്. , കലാസംവിധാനം അരുൺ ജോസ്, മേക്കപ്പ്അമൽ കുമാർ, സംഗീത സംവിധാനംഅങ്കിത് മേനോൻ, വർക്കി,ആലാപനം രവി .ജി ,നാരായണി ഗോപൻ പശ്ചാത്തല സംഗീതംവർക്കി,സൗണ്ട് ഡിസൈൻരംഗനാഥ് രവി, മിക്സിങ്വിപിൻ. വി. നായർ, പ്രൊഡക്ഷൻ കൺട്രോളർഏൽദോസെൽവരാജ്, കോസ്റ്റ്യൂം ഡിസൈൻനിസ്സാർ റഹ്മത്ത്,കാസ്റ്റിംഗ് ഡയറക്ടർ ബിനോയ് നമ്പാല സ്റ്റിൽസ്: ഷാജി നാഥൻ, സ്റ്റണ്ട് കെവിൻ കുമാർ, പോസ്റ്റ് പ്രൊഡക്ഷൻ കോർഡിനേറ്റർസ്അരുൺ ഉടുമ്പൻചോല, അഞ്ജു പീറ്റർ, ഡിഐ ലിജു പ്രഭാകർ, വിഷ്വൽ എഫക്ട്റിഡ്ജ് വിഎഫ്എക്സ്, ചീഫ് അസോസിയേറ്റ് ഡയറക്ടർഉണ്ണി സി, എ.കെ രജിലേഷ്, ഡിസൈൻസ്തോട്ട് സ്റ്റേഷൻ,പി ആർ ഒഎ എസ് ദിനേശ്

# ആംഗ്യം തുടങ്ങി



കലാമണ്ഡലം പ്രഭാകരൻ മാഷ്, കലാമണ്ഡലം രാധികാമ്മ,മനോരമ ചാനൽ ഫെയിം മാസ്റ്റർ മാളൂട്ടി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി എം എസ് വേദാനന്ദ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ആംഗ്യം എന്ന ചിത്രത്തിന്റെ ചിത്രീകരണം തൃപ്പൂണിത്തുറ തിരുവാങ്കുളം ശിവക്ഷേത്ര നടയിൽ ആരംഭിച്ചു.ഓം പ്രകാശ്, പ്രദീപ് മാധവൻ,ശെൽവ രാജ്,വൈക്കം ഭാസി, പുഷ്ക്കരൻ അമ്പലപ്പുഴ, പ്രദീപ് എസ് എൻ,ഷിനോ യുഎസ്എ,വർഷ,രേണുക തുടങ്ങിയവരാണ് മറ്റു അഭിനേതാക്കൾ.വാം ഫ്രെയിംസിന്റെ ബാനറിൽ പ്രദീപ് മാധവൻ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ഷാനി തൊടുപുഴ നിർവ്വഹിക്കുന്നു.സംവിധായകൻ എം എസ് വേദാനന്ദ് തന്നെകലാ സംവിധാനം നിർവ്വഹിക്കുന്നു.എഡിറ്റർമാധവേന്ദ്ര.മേക്കപ്പ്ജിത്തു,സൈൻ ലാംഗ്വേജ് അവതരണംവിനയചന്ദ്രൻ.ഗ്രാമീണ പശ്ചാത്തലത്തിൽബധിരയും മൂകയുമായ ഒരു പെൺക്കുട്ടിക്കു വേണ്ടി

നൃത്ത കലാ രൂപത്തിലെ മുദ്രകളും സൈൻ ലാംഗ്വേജും ഇഴ ചേർത്ത് ഒരു ആംഗ്യ ഭാഷ ഉണ്ടാക്കുകയും അതിലൂടെ ആശയം വിനിമയം ചെയ്യുകയും അത് ലോകം അറിയുകയും ചെയ്യുന്നതിന്റെ ദശ്യാവിഷ്ക്കാരമാണ് 'ആംഗ്യം ' എന്ന ചിത്രത്തിൽ സംവിധായകൻ എം എസ് ദേവാനന്ദ് നിർവ്വഹിക്കുന്നത്.പി ആർ ഒ എ എസ് ദിനേശ്.

# പവി കെയർ ടേക്കർ




ദിലീപിനൊപ്പം അഞ്ചു പുതുമുഖ നായികമാരുള്ള,വിനീത് കുമാർ സംവിധാനം ചെയ്യുന്ന പവി കെയർ ടേക്കർ എന്ന ചിത്രത്തിലെ വീഡിയോ ഗാനം റിലീസായി.ഷിബു ചക്രവർത്തി എഴുതിയ വരികൾക്ക് മിഥുൻ മുകുന്ദൻ സംഗീതം പകരുന്ന് കപിൽ കപിലൻ ആലപിച്ച പിറകിലാരോ വിളിച്ചോ...എന്നാരംഭിക്കുന്ന ഗാനമാണ് റിലീസായത്.ഏപ്രിൽ 26ന് തിയേറ്ററുകളിൽ എത്തുന്ന ഈ ചിത്രത്തിൽ ജോണി ആന്റണി,രാധിക ശരത്കുമാർ, ധർമ്മജൻ ബോൾഗാട്ടി, സ്പടികം ജോർജ് തുടങ്ങിയവർക്കൊപ്പംപുതുമുഖ നായികമാരായ ജൂഹി ജയകുമാർ, ശ്രേയ രുഗ്മിണി, റോസ്മിൻ, സ്വാതി, ദിലീന രാമകൃഷ്ണൻ എന്നിവരും അഭിനയിക്കുന്നു.ഗ്രാൻഡ് പ്രൊഡക്ഷൻസിന്റ ബാനറിൽ ദിലീപ് തന്നെയാണ് ഈ ചിത്രം നിർമ്മിക്കുന്നത്.

അരവിന്ദന്റെ അതിഥികൾക്ക് ശേഷം രാജേഷ് രാഘവൻ തിരക്കഥയൊരുക്കുന്ന ചിത്രം കൂടിയാണ് പവി കെയർ ടേക്കർ. കന്നഡയിലും മലയാളത്തിലും ഹിറ്റ്കൾ സമ്മാനിച്ച മിഥുൻ മുകുന്ദനാണ് ചിത്രത്തിന്റെ സംഗീത സംവിധായകൻ. ഛായാഗ്രഹണംസനു താഹിർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസ് അനൂപ് പത്മനാഭൻ, കെ. പി വ്യാസൻ, എഡിറ്റർദീപു ജോസഫ്,ഗാനരചന ഷിബു ചക്രവർത്തി, വിനായക് ശശികുമാർ, പ്രൊജക്റ്റ് ഹെഡ് റോഷൻ ചിറ്റൂർ, പ്രൊഡക്ഷൻ ഡിസൈൻനിമേഷ് എം താനൂർ, പ്രൊഡക്ഷൻ കൺട്രോളർ രഞ്ജിത് കരുണാകരൻ,അസോസിയേറ്റ് ഡയറക്ടർ രാകേഷ് കെ രാജൻ,കോസ്റ്റ്യൂംസ്സഖി എൽസ,മേക്കപ്പ് റോണക്സ് സേവ്യർ, സൗണ്ട് ഡിസൈൻ ശ്രീജിത്ത് ശ്രീനിവാസൻ,സൗണ്ട് മിക്സിങ്അജിത് കെ ജോർജ്,സ്റ്റിൽസ് രാംദാസ് മാത്തൂർ, ഡിസൈൻസ് യെല്ലോ ടൂത്,ഡിജിറ്റൽ മാർക്കറ്റിംഗ്സുജിത് ഗോവിന്ദൻ,കണ്ടെന്റ് ആന്റ് മാർക്കറ്റിംഗ് ഡിസൈൻപപ്പെറ്റ് മീഡിയ,പി ആർ ഒഎ എസ് ദിനേശ്.

# ഡിസൈനർ എ.സികൾ പുറത്തിറക്കി ലോയിഡ്

**കൊച്ചി:** രാജ്യത്തെ പ്രമുഖ ഇലക്ട്രോണിക് കമ്പനിയായ ഹാവെൽസ് ഇന്ത്യയുടെ ഉപ ബ്രാൻഡായ ലോയിഡ്, ഡിസൈനർ എയർ കണ്ടീഷണറുകൾ അവതരിപ്പിച്ചു.




ഇന്ത്യയിലെ ആദ്യത്തെ ഡിസൈനർ ഏസികൾ എന്ന സവിശേഷതയുമായി എത്തുന്ന ഈ ശ്രേണിയുടെ പരസ്യങ്ങളിൽ ജനപ്രിയനടൻ മോഹൻലാൽ താരമാകും. വീടിന്റെ ഇന്റീരിയറിനെ കൂടുതൽ മനോഹരമാക്കുന്ന തരത്തിലാണ് ലോയിഡ് സ്റ്റെല്ലാർ, സ്റ്റൈലസ് എന്നീ ഏസികൾ രൂപകൽപന ചെയ്തിരിക്കുന്നതെന്നും ആവശ്യാനുസരണം മാറ്റങ്ങൾ വരുത്താവുന്ന വെളിച്ചസംവിധാനത്തിനൊപ്പം ഏസിയുടെ മുൻവശവും വീടിന് ഇണങ്ങുന്ന തരത്തിൽ മാറ്റിസ്ഥാപിക്കാൻ കഴിയുമെന്നും ലോയിഡിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് അലോക് ടിക്കൂ പറഞ്ഞു.

സാധാരണ ഏസികളുടെ സ്ഥിരം ഡിസൈനിൽ നിന്ന് ഏറെ വ്യത്യസ്തവും ആകർഷകവുമാണ് ലോയിഡ് സ്റ്റെല്ലാർ എസികൾ. അലങ്കാരത്തിനൊപ്പം 60 ഡിഗ്രി വരെ ചൂട് കൂടിയാലും മികച്ച കൂളിംഗും വൈദ്യുതക്ഷമതയും ഉറപ്പാക്കുന്നു. വായു ശുദ്ധീകരിക്കാൻ മികച്ച ഫിൽറ്ററിങ് സംവിധാനവും നൽകിയിട്ടുണ്ട്. 6 ഇൻ 1 കൺവെർട്ടിബിൾ ശ്രേണിയിലാണ് ഇവ വിപണിയിലെത്തുന്നത്. വൈഫൈ കണക്ടിവിറ്റി, വോയിസ് കമാൻഡ് തുടങ്ങിയ സ്മാർട്ട് സൗകര്യങ്ങളും ലഭ്യമാണ്.ലോയിഡിന്റെ പുതിയ എയർ കണ്ടീഷണർ ശ്രേണി ജനങ്ങളിലേക്ക് എത്തിക്കാൻ വൻ മാർക്കറ്റിംഗ് സന്നാഹങ്ങളാണ് കമ്പനി ഒരുക്കിയിട്ടുള്ളത്. ഈ വേനൽകാലത്ത് മലയാളികൾ ആഗ്രഹിക്കുന്ന ഫീച്ചറുകൾ അവതരിപ്പിച്ച് കേരളത്തിൽ കൂടുതൽ സാന്നിധ്യമുറപ്പിക്കാനുള്ള കമ്പനിയുടെ ശ്രമങ്ങളുടെ ഭാഗമാണ് പുതിയ ക്യാംപയിനെന്നും അലോക് ടിക്കൂ പറഞ്ഞു.

ഹാവെൽസ് ടഥചഇ മൊബൈൽ ആപ്പിലൂടെ മുറിക്കുള്ളിലെ വായുവിന്റെ ശുദ്ധത തത്സമയം അറിയാൻ കഴിയുന്ന സംവിധാനവും സ്റ്റെല്ലാർ, സ്റ്റൈലസ് ശ്രേണിയിലുള്ള ഏസികളിൽ സജ്ജമാക്കിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കുടുംബങ്ങൾക്കുള്ളിൽ ലോയിഡ് എസികളെ കുറിച്ചുള്ള വിശ്വാസവും ഇഷ്ടവും കൂട്ടുന്ന തരത്തിലുള്ള പരസ്യങ്ങൾക്കാണ് കമ്പനി തുടക്കമിട്ടിരിക്കുന്നത്. ഇതിനായി മോഹൻലാലിനെ അണിനിരത്താൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്ന് ഹാവെൽസ് ഇന്ത്യയുടെ മാർക്കറ്റിംഗ് കമ്മ്യൂണിക്കേഷൻ വിഭാഗം എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് രോഹിത് കപൂർ പറഞ്ഞു.



# കാർസ് 24 ഷോറൂം തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചു

**തിരുവനന്തപുരം:** ഇന്ത്യയിലെ പ്രമുഖ ഓട്ടോടെക് കമ്പനിയായ കാർസ് 24 ന്റെ തിരുവനന്തപുരത്തെ ആദ്യ സ്റ്റോർ പരുത്തിക്കുഴിയിൽ പ്രവർത്തനമാരംഭിച്ചു. അവിട്ടം തിരുനാൾ ആദിത്യ വർമ്മ സ്റ്റോർ ഉദ്ഘാടനം ചെയ്തു. ഗുണനിലവാരമുള്ള വാഹനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റുകയെന്ന ലക്ഷ്യത്തോടെയാണ് തിരുവനന്തപുരത്ത് പുതിയ ഹബ് സ്ഥാപിച്ചത്. സീറോ ഡൗൺ പേയ്മെന്റ് പോലെയുള്ള ആകർഷകമായ വായ്പ്പ സംവിധാനങ്ങൾ കാർസ് 24 ഉപഭോകതാക്കൾക്ക് ഉറപ്പ് നൽകുന്നു. ആദ്യം കാർ വാങ്ങുന്ന 100 പേർക്ക് 10,000 രൂപയുടെ പ്രത്യേക കിഴിവുകളും, വൈവിധ്യമാർന്ന ഫിനാൻസിംഗ് സംവിധാനങ്ങളും മികച്ച എക്സ്ചേഞ്ച് ഓഫറുകളും ലഭിക്കും. 2018 ൽ കൊച്ചിയിൽ ആരംഭിച്ച കാർസ് 24 കേരളത്തിൽ ഇതിനോടകം തന്നെ ശ്രദ്ധേയമായ വളർച്ച കൈവരിച്ചു. കേരളത്തിലെ 16 നഗരങ്ങളിൽ ഇപ്പോൾ കാർസ് 24 ൻറെ സേവനം ലഭ്യമാണ്.

വളരെ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന നഗരമായത് കൊണ്ട് തന്നെ യൂസ്ഡ് കാറുകൾക്ക് മികച്ച വിപണിയാണ് തിരുവനന്തപുരമെന്ന് കാർസ് 24 ൻറെ സഹ സ്ഥാപകനായ ഗജേന്ദ്ര ജാൻദിത് പറഞ്ഞു.

# സോമെറ്റ് എജ്യുക്കേഷനും, അക്കോറുമായി സഹകരിക്കുന്നു

**കൊച്ചി :** ഹോസ്പിറ്റാലിറ്റി വിദ്യാഭ്യാസത്തിലെ പ്രമുഖരായ ഇന്ത്യൻ സ്കൂൾ ഓഫ് ഹോസ്പിറ്റാലിറ്റിയും (ഐഎസ്എച്ച്) സോമെറ്റ് എജ്യുക്കേഷനും, ഹോസ്പിറ്റാലിറ്റിയിലെ ആഗോള തലവനായ അക്കോറുമായി ഇന്ത്യൻ ടാലന്റ് ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് സഹകരിക്കുന്നതായി പ്രഖ്യാപിച്ചു.ബംഗളൂരുവിൽ നടന്ന, 19ാമത് ഹോട്ടൽ ഇൻവെസ്റ്റ്മെന്റ് കോൺഫറൻസിലാണ് മൂന്ന് വർഷത്തെ സഖ്യം ഔദ്യോഗികമായി പ്രഖ്യാപിച്ചത്.അക്കോർ അതിന്റെ സ്ഥാപക രക്ഷാധികാരിയായി സേവനമനുഷ്ഠിക്കുന്ന സോമെറ്റ് എജ്യുക്കേഷൻ ഫൗണ്ടേഷന്റെ നേതൃത്വത്തിലായിരിക്കും ഈ ഉദ്യമം. ഇന്ത്യൻ യുവാക്കളുടെ നൈപുണ്യത്തിൽ നിക്ഷേപിക്കുകയും അവർക്ക് അഭിവൃദ്ധി പ്രാപിക്കുന്ന ഹോസ്പിറ്റാലിറ്റി വ്യവസായത്തിൽ വളർച്ചയ്ക്കുള്ള അവസരങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് ഇന്ത്യൻ ടാലന്റ് ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് ലക്ഷ്യമിടുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു.




# സിയാൻ വിസ്റ്റ: ആർട്ട് എക്സിബിഷൻ ഇന്നു മുതൽ

**കൊച്ചി:** 'സിയാൻ വിസ്റ്റ' ആർട്ട് എക്സിബിഷൻ ഇന്ന് രാവിലെ 10:30 ന് മഹാകവി ജി സ്മാരക കേന്ദ്രം ഗാലറിയിൽ വച്ച് ബിനാലെ ക്യുറേറ്ററും എഴുത്തുകാരനും ആയ ബോണി തോമസും ആർടിസ്റ്റ് പി വി നന്ദൻ, വി വെങ്കിട്ടരാമൻ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യും. ചിത്രകാരിയും കൊച്ചി അർബർ സ്കെച്ചേഴ്സ് അംഗവുമായ വിൽസി, എഴുത്തുകാരിയും ചിത്രകാരിയുമായ മഞ്ജു സാഗർ കലാധ്യാപികയും ചിത്രകാരിയുമായ സുരജ മനു അമൽ ദേവ് എന്നീ കലാകാരികളുടെ ചിത്രങ്ങളാണ് പ്രദർശനത്തിനുള്ളത്. ഗാലറി സമയം രാവിലെ 10:00 മണി മുതൽ വൈകിട്ട് 7:00 മണി വരെ ആണ്. ഏപ്രിൽ 12 വരെയാണ് ചിത്രപ്രദർശനം.

# വേനൽക്കാല ശേഖരവുമായി സോച്ച്

**തിരുവനന്തപുരം:** 1498 രൂപ വിലയിൽ ആരംഭിക്കുന്ന പുതിയ വേനൽക്കാല ശേഖരം അവതരിപ്പിച്ച് സോച്ച്. ഇന്ത്യയിലെ ഏറ്റവും വലിയ ഒക്കേഷൻ ആൻഡ് ഈവനിങ് വെയർ ബ്രാൻഡായ സോച്ച്, വേനൽക്കാല വസ്ത്രധാരണത്തെ അതുല്യമായ എത്നിക് ശൈലിയിൽ ഉയർത്താൻ സഹായിക്കുന്ന തുണിത്തരങ്ങളുടെയും ശൈലികളുടെയും ഒരു നിരയാണ് പുതിയ ശേഖരത്തിലൂടെ അവതരിപ്പിക്കുന്നത്.
ഇൻഡിഗോ ഹ്യൂസ്, ഷിഫ്ലി ചിക്, കോട്ടകുറ്റൂറേ, ഐവറി എലഗൻസ്, ബ്രീസി ത്രെഡ്സ്, വിവിഡ് ബ്ലൂംസ് എന്നിവയുൾപ്പെടെയുള്ള വിവിധ തീമുകളുടെ ക്യൂറേറ്റ് ചെയ്ത ശേഖരമാണിത്. ഈ ക്യൂറേറ്റഡ് ശേഖരത്തിന് പുറമെ സാരികൾ, ചുരിദാർ സെറ്റുകൾ, വസ്ത്രങ്ങൾ, കുർത്തകൾ, കഫ്താൻ, ലെഹംഗകൾ എന്നിവയുടെ പ്രത്യേക ഡിസൈനുകളും സോച്ച് വാഗ്ദാനം ചെയ്യുന്നു.
എല്ലാ സോച്ച് ഔട്ട്ലെറ്റുകളിലും, ഓൺലൈനിലും പുതിയ ശേഖരം ലഭ്യമാണ്.

